കാർട്ടൂൺ: വി.എസ്. ഗിരീശൻ




# നയങ്ങൾ തിരുത്തപ്പെട്ടിട്ടില്ല

**സി.ആർ. നീലകണ്ഠൻ**
(സാമൂഹിക പ്രവർത്തകൻ)

**പ്ലാച്ചിമട** സമരത്തിൽ നിന്നും ഒരു പാഠവും കേരളം പഠിച്ചിട്ടില്ല എന്നതിന്റെ തെളിവായാണ് ഈ സംഭവത്തെ ഞാൻ കാണുന്നത്. ജലക്ഷാമവും വരൾച്ചയുമെല്ലാം അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന കാലത്തിലൂടെ കടന്നുപോയിട്ട് പോലും പ്ലാച്ചിമട രാഷ്ട്രീയത്തെ തിരിച്ചറിയാൻ നമുക്ക് കഴിയാതെ പോകുന്നു. കൊക്കക്കോളയ്ക്ക് വിൽപ്പന നികുതിയിൽ ഇളവ് നൽകിയ നടപടിയിൽ സർക്കാറിനെ മാത്രം കുറ്റം പറയാൻ കഴിയില്ല. കൊക്കക്കോളയ്ക്കെതിരായ പൊതുവികാരം കേരളത്തിൽ ദുർബലമായതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്. പ്ലാച്ചിമടയ്ക്ക് നഷ്ടപരിഹാരം നൽകാനുള്ള ഫയൽ ഇഴഞ്ഞുനീങ്ങുമ്പോൾ കൊക്കക്കോളയ്ക്ക് നഷ്ടപരിഹാരം നൽകാനുള്ള ഫയൽ വേഗത്തിൽ നീങ്ങുന്നതാണ് നമ്മുടെ രാഷ്ട്രീയത്തിന്റെ ദുരവസ്ഥ. ആര് ഭരിച്ചാലും കേരളത്തിലെ വ്യവസായ വകുപ്പിൽ നിന്നും ഇത്തരം നടപടി പ്രതീക്ഷിക്കാവുന്നതാണ്. നമ്മുടെ വ്യവസായ നയം കൊക്കക്കോളയെപ്പോലെയുള്ള വിഭവചൂഷകരെ കേരളത്തിലേക്ക് കൊണ്ടുവരുന്ന തരത്തിലുള്ളതാണ്. അവർക്ക് ഭൂമിയും മറ്റ് വിഭവങ്ങളും യഥേഷ്ടം കൊള്ളയടിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുന്നതിനായാണ് വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരെല്ലാം പണിയെടുക്കുന്നത്. കൊക്കക്കോളയെ ന്യായീകരിച്ച് ഇടതുപക്ഷ ഭരണകാലത്ത് സംസാരിച്ച വ്യവസായ വകുപ്പ് സെക്രട്ടറി ടി. ബാലകൃഷ്ണൻ ഐ.എ.എസ് സർവ്വീസിൽ നിന്നും വിരമിച്ചിട്ടും യു.ഡി.എഫ് സർക്കാ

റിനും പ്രിയപ്പെട്ടയാളായി തുടരുന്നുണ്ട്. നിക്ഷേപകരെ ആകർഷിക്കുന്നതിനായി സ്വകാര്യ പങ്കളാത്തത്തോടെ സർക്കാർ തുടങ്ങിയ ഇൻകൽ (ഇൻഫ്രാസ്ട്രക്ച്ചർ കേരള ലിമിറ്റഡ്) എന്ന സംരംഭത്തിന്റെ ചെർമാനും മാനേജിംഗ് ഡയറക്ടറുമാണ് ഇന്നദ്ദേഹം. സർവ്വീസിൽ നിന്നും വിരമിച്ചിട്ടുപോലും അദ്ദേഹത്തിന്റെ സേവനങ്ങളെ സർക്കാർ വിലമതിക്കുന്നു. രാഷ്ട്രീയപാർട്ടികൾക്ക് അദ്ദേഹത്തോട് അഭിപ്രായ വ്യത്യാസമില്ല. ബാലകൃഷ്ണനെപ്പോലെയുള്ളവർക്ക് ഇപ്പോഴും ഭരണസ്വാധീനമുള്ളപ്പോൾ കൊക്കക്കോളയ്ക്ക് അനുകൂലമായ തീരുമാനമുണ്ടാകുന്നതിൽ വലിയ അത്ഭുതമില്ല.

പ്ലാച്ചിമടയുടെ രാഷ്ട്രീയത്തോടും കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾക്ക് വ്യക്തമായ നിലപാടില്ല. പ്ലാച്ചിമട ഒരു പ്രാദേശിക വിഷയം മാത്രമാണെന്നാണ് അമേരിക്കൻ പ്രതിനിധിയോട് സി.പി.എമ്മിന്റെ സെക്രട്ടറി പിണറായി വിജയൻ പറഞ്ഞത്. യു.ഡി.എഫ് കക്ഷികളും പ്ലാച്ചിമടയുടെ കാര്യത്തിൽ വ്യക്തമായ നിലപാട് പറഞ്ഞിട്ടില്ല. പ്ലാച്ചിമട സമരത്തിന്റെ ജനപിന്തുണ കണ്ടുകൊണ്ട് സമരത്തിൽ പങ്കുചേർന്നവരാണ് എല്ലാ രാഷ്ട്രീയകക്ഷികളുമെന്നാണ് ഇപ്പോൾ ബോധ്യമാകുന്നത്. പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ നിയമസഭയിൽ പാസാക്കിയതും അതിന്റെ രാഷ്ട്രീയത്തെ അംഗീകരിക്കാതെയാണ്. അതുകൊണ്ടാണ് അവർ അത് യാഥാർത്ഥ്യമാക്കാൻ ശ്രമിക്കാത്തത്. നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിന് സംഭവിച്ചത് ഇതേ ഗതിയാണ്. ആ നിയമത്തിന്റെ രാഷ്ട്രീയം ശരിയായി മനസ്സിലാക്കാത്തതിനാലാണ് അവർ ഇപ്പോൾ അതിനെ അട്ടിമറിക്കാൻ ശ്രമിക്കുന്നത്.

2000ലെ ഗ്രീൻചാനൽ വ്യവസായ നയമാണ് കൊക്കക്കോളയ്ക്ക് വിൽപ്പന നികുതിയിൽ ഇളവ് ലഭിക്കാൻ കാരണമായിരിക്കുന്നത്. വൻകിട നിക്ഷേപകർക്ക് ഇളവുകൾ അനുവദിക്കുന്ന ആ നയം ഇപ്പോഴും തിരുത്തപ്പെടാതെ തുടരുകയാണ്. സർക്കാർ നയങ്ങളെ പ്ലാച്ചിമട സമരത്തിന് തിരുത്താൻ കഴിയുന്നില്ല എന്നതിന്റെ തെളിവുകൂടിയാണ് ഈ സംഭവം. ■

# കേരള രാജോ കോള രാജോ

**പി.എൻ. വേണുഗോപാൽ**

(മാധ്യമപ്രവർത്തകൻ)

**പെരുമാട്ടി** പഞ്ചായത്തിനും പഞ്ചായത്തിലെ നിവാസികൾക്കും കൊക്കക്കോള കമ്പനിയുടെ പ്രവർത്തനം മൂലമുണ്ടായ പാരിസ്ഥിതിക, ആരോഗ്യ പ്രശ്നങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള ട്രിബ്യൂണൽ ബിൽ വഴിമുട്ടി നിൽക്കുന്ന സാഹചര്യത്തിൽ, അതിന്റെ പ്രയാണം സുഗമമാക്കുന്നതിന് വേണ്ടത് ചെയ്യുന്നതിന് പകരം, ആ കമ്പനിക്ക് നികുതി ഇളവ് നൽകാൻ തിടുക്കം കാട്ടുന്ന കേരള സർക്കാറിന്റെ മനോഭാവം തീർത്തും അപലപനീയമാണ്. ഒരു സാധാരണ പൗരന് ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരം, അതെത്ര തുച്ഛമായാലും നൽകാൻ വിധിയുണ്ടായാൽ അതിനെ പരമോന്നത കോടതി വരെ ചോദ്യം ചെയ്യുക തങ്ങളുടെ കടമയാണെന്ന മട്ടിൽ നടപടികളെടുക്കുന്ന സർക്കാർ, ഒരു ബഹുരാഷ്ട്ര കമ്പനിക്ക് അഞ്ചേകാൽ കോടിയുടെ ഇളവ് നൽകുന്ന കാര്യത്തിൽ അപ്പീലു നൽകാതിരുന്നത് വിചിത്രമാണ്. 2013 മാർച്ച് 11ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ, ഈ കാരണങ്ങളാൽ ഇളവ് മുമ്പ് നിഷേധിച്ചിരുന്നു, ഇപ്പോൾ അതിനെതിരെ കോടതി വിധി വന്നിരിക്കുന്നു, അതിനാൽ ഇളവ് നൽകുകയല്ലാതെ മറ്റ് മാർഗ്ഗങ്ങളില്ല എന്നെല്ലാമാണ് പറഞ്ഞിരിക്കുന്നത്. വിധിയെ ചോദ്യം ചെയ്യാൻ കഴിയുമോ എന്ന നിയമോപദേശം തേടിയതായി സൂചനയില്ല.

ഒരു നാടിനെ മുടിപ്പിച്ച, ആവാസവ്യവസ്ഥയെ തകിടം മറിച്ച ശക്തിയെ ചെറുക്കുക എന്നത് ഭരണകൂടത്തിന്റെ കടമയും ചുമതലയുമാണ്. അധികാരത്തിലിരിക്കുന്നവരുടെ രാഷ്ട്രീയവും ധാർമ്മികവുമായ ബാധ്യതയാണത്. പ്ലാച്ചിമട നിവാസികളുടെ ജലവും കൃഷിയിടങ്ങളും മലീമസമാക്കിയ കമ്പനിക്ക് അവരെ നോക്കി പല്ലിളിക്കാൻ ഒരവസരം കൂടി ഒരുക്കിയിരിക്കുകയാണ് സർക്കാറിന്റെ ഈ നടപടി. ■

കേരളീയം പുതിയ രൂപത്തിനൊപ്പം
വിലയും അല്പം കൂട്ടിയിരിക്കുന്നു.
വായനക്കാർ സഹകരിക്കുക.
**ഒറ്റപ്രതി: 25 രൂപ**
**വാർഷിക വരിസംഖ്യ:**
**300 രൂപ**